LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസനപദ്ധതികൾ.

* 522. [19] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി പ്രോജക്ട്സ് അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്സ്. കെ. ഡേ 1955 ഏപ്രിൽമാസത്തിൽ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ടോ ;

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ സാമൂഹ്യവികസനപദ്ധതികൾ നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കു പിന്നിലാണ് എന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കമ്മ്യൂണിറ്റിപ്രോജക്ട്സ് അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്. കെ. ഡേ 1955 ഏപ്രിൽമാസത്തിൽ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ സാമൂഹ്യവികസനപദ്ധതികൾ നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കു പിന്നിലാണ് എന്നു് അദ്ദേഹം പ്രസ്താവിച്ചതായി അറിയുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിൽ ഈ പ്രവർത്തനങ്ങൾ വളരെ നന്നായിട്ടു നടക്കുന്നു എന്നുമാണ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു് എന്നും അറിയുന്നു.

ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന അരി.

* 523. [20] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സംസ്ഥാനത്തു് ഭക്ഷ്യധാന്യവിനിയന്ത്രണത്തിനുശേഷം പല ഗോഡൗണുകളിലായി കെട്ടിക്കിടക്കുന്ന വളരെയധികം അരി കേന്ദ്രഗവണ്മെന്റ് തിരിച്ചെടുക്കണം എന്നു കാണിച്ചു് കേന്ദ്രഗവണ്മെന്റിൽ നിവേദനം ഈ ഗവണ്മെന്റ് നടത്തിയിട്ടുണ്ടോ ?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : കേന്ദ്രഗവണ്മെന്റ് ഭക്ഷ്യധാന്യവിനിയന്ത്രണം പ്രഖ്യാപിച്ചതോടെ സംസ്ഥാനഗവണ്മെന്റുകളുടെ കൈവശം നീക്കിഇരുപ്പു വരുന്ന അരി സ്റ്റോക്കുകൾ എടുക്കുന്നതാണെന്നു് പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ടു് ഇക്കാര്യത്തിൽ പ്രത്യേകം ഒരു നിവേദനത്തിന്റെ ആവശ്യമില്ല.

മന്ത്രിമാരുടെ സഞ്ചാരച്ചെലവു്.

* 524. [21] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മേയ്മാസത്തിൽ ഓരോ മന്ത്രിയും വാങ്ങിയിട്ടുള്ള സഞ്ചാരച്ചെലവിനത്തിലുള്ള തുകയെന്തു് ;

(ബി) ഓരോ മന്ത്രിയും ഏതേതു സ്ഥലങ്ങളിൽ എന്തെല്ലാം ഔദ്യോഗികകായ്യങ്ങൾക്കാണ് സഞ്ചരിച്ചിട്ടുള്ളതു് ;

(സി) അവ എത്രയെല്ലാം ദിവസങ്ങളിലായിരുന്നു ?